## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1338 — 04-02-2019 -ൽ മറുപടിക്ക്

### മഹാപ്രളയത്തിലെ നാശനഷ്ടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിലെ നാശനഷ്ടങ്ങൾ സംബന്ധിച്ച് റവന്യൂ ദുരന്തനിവാരണ വകുപ്പ് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിവിധ വകുപ്പുകൾ തയ്യാറാക്കിയ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | ഉണ്ട്. ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡമനുസരിച്ച് 5616 കോടി രൂപയുടെ ദുരിതാശ്വാസ ധന സഹായത്തിന് അർഹമായ നാശനഷ്ടങ്ങളുടെ വിവരമാണ് ദുരന്ത നിവാരണ അതോറിറ്റി കണക്കാക്കിയിട്ടുള്ളത്. ആദ്യഘട്ടത്തിലുണ്ടായ പ്രളയത്തിന് 820 കോടിയും രണ്ടാംഘട്ടത്തിലെ മഹാപ്രളയത്തിന് 4796 കോടി രൂപയും ഉൾപ്പെടെയാണിത്. വിവിധ വകുപ്പുകൾ തയ്യാറാക്കി നൽകിയത് അനുസരിച്ചാണ് മെമ്മോറാണ്ടം തയ്യാറാക്കിയത്. ആയതിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | നവ കേരള നിർമ്മിതിക്കും പുനരധിവാസത്തിനുമായി സർക്കാർ നാളിതുവരെ ചെലവഴിച്ച തുകയും നടത്തിയ പ്രവർത്തനങ്ങളും വിശദീകരിക്കാമോ; | ബി) | പ്രളയത്തെത്തുടർന്ന് മാതൃകാപരമായ രീതിയിൽ സംസ്ഥാനത്തുടനീളം പരാതികൾക്കിട നൽകാത്ത വിധം ക്യാമ്പുകൾ നടത്താനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ക്യാമ്പുകളിൽ നിന്ന് വീടുകളിലേക്ക് മടങ്ങുന്ന പ്രളയ ബാധിതരായ കുടുംബങ്ങൾക്ക് അവശ്യ സാധനങ്ങളടങ്ങുന്ന കിറ്റ് നൽകി. ഇത്തരത്തിൽ 7,24,352 കിറ്റുകൾ വിതരണം ചെയ്തു. സംസ്ഥാനത്തെ മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. പ്രളയബാധിത മേഖലയിലെ ദുർബല വിഭാഗങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും 500 രൂപ വിലവരുന്ന സൗജന്യ ഭക്ഷ്യധാന്യ കിറ്റും സപ്ലൈകോ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ 10,50,838 കിറ്റുകൾ വിതരണം ചെയ്തു. ഇതിനായി 51.54 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുൻഗണനേതര കാർഡുകാർക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ച് കിലോ വീതം അരി നൽകി. പ്രളയ ക്കെടുതിയിൽ രേഖകൾ നഷ്ടപെട്ടവർക്ക് സർവകലാശാല, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപറേഷനുകൾ, കമ്മീഷനുകൾ, |

| | | | |
|---|---|---|---|
| | | | ഡയറക്ടറേറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഡ്യൂപ്ലിക്കേറ്റ്/പുതിയ രേഖകൾ നൽകുമ്പോൾ യാതൊരു വിധ ഫീസും ഈടാക്കുവാൻ പാടില്ലെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രളയ ബാധിതമായ ജില്ലകളിൽ നഷ്ടപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിന് അദാലത്തുകൾ നടത്തി. സംസ്ഥാന ദുരന്ത പ്രതികരണ നിധിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയും ഉപയോഗിച്ച് പ്രളയബാധിതരിൽ നിന്ന് 6,87,843 കുടുംബങ്ങൾക്ക് 10,000 രൂപയുടെ അടിയന്തിര സഹായം ബാങ്ക് മുഖാന്തിരം നേരിട്ട് നൽകിയിട്ടുണ്ട്. ഇതിൽ ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായ 3800 രൂപയ്ക്ക് പുറമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 6200/- രൂപ കൂടി ഉൾപ്പെടുത്തിയാണ് 10,000/- രൂപയുടെ സഹായം നൽകിയത്. രണ്ട് ദിവസം അടുപ്പിച്ച് വീട്ടിൽ വെള്ളം കയറുകയോ വീടിന് 75% അധികം നാശനഷ്ടം നേരിടുകയോ വീട് പൂർണ്ണമായും തകർന്നു പോകുകയോ ചെയ്തവർക്കാണ് കേന്ദ്ര മാനദണ്ഡപ്രകാരം മേൽ സഹായത്തിന് അർഹത.<br>പ്രളയത്തിൽ മരണമടഞ്ഞ വ്യക്തികളുടെ കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദനീയമായ 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രളയത്തിൽ കഷ്ടതകളനുഭവിക്കുന്ന ജനങ്ങൾക്ക് അവരുടെ ജീവനും ജീവനോപാധികളും തിരിച്ചു പിടിക്കാനുള്ള സഹായത്തിലേക്കായി RKLS (Resurgent Kerala Loan Scheme) എന്ന സാമ്പത്തിക സഹായ പദ്ധതി രൂപീകരിച്ച് 1 ലക്ഷം രൂപവരെ വായ്പ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും കുടുംബശ്രീയെ അതിന്റെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. ഈ വായ്പയുടെ പലിശ (9%) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകാനും തീരുമാനിച്ചു. രാജ്യത്തെ അടിസ്ഥാന ദുരിതാശ്വാസത്തിൽ ഉൾപ്പെടാത്ത സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ, കടകൾ, തേനീച്ച കർഷകർ, അലങ്കാര പക്ഷി കർഷകർ എന്നിവർക്ക് 2 ലക്ഷം രൂപ വരെയുള്ള ഉജ്ജീവന സഹായ പദ്ധതി നടപ്പാക്കി.<br>ഉജ്ജീവന സഹായ പദ്ധതി പ്രകാരം കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ള പ്രളയ ബാധിതരായ കർഷകർക്ക് സംസ്ഥാന സർക്കാർ 4% താങ്ങ് പലിശ നൽകുന്നു. |

| | | | |
|---|---|---|---|
| | | | ദുരന്തത്തിൽ തകർന്നുപോയ വീടുകളുടെ പുനർനിർമ്മാണത്തിന് Minimum Relief code നിർണ്ണയിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്നതോ 75% അധികം തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാകുകയും ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് 4 ലക്ഷം രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ മലയോര മേഖലയിൽ 1,01,900 രൂപയും (സമതലത്തിൽ 95100 രൂപ) ഇതിനായി അനുവദിച്ചിട്ടുള്ളത്. ഇതിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുകയ്ക്ക് ഉപരിയായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് നൽകുന്നത്. Minimum Relief Code അനുസരിച്ച് സംസ്ഥാനത്തെ ദുരന്തങ്ങളിൽ തകരുന്ന വീടുകൾക്ക് നേരിട്ടിട്ടുള്ള നാശനഷ്ടത്തിൻറെ തോതനുസരിച്ച് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ത്തിനു മേലെ എന്നിങ്ങനെ അഞ്ചു വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിലും ധനസഹായനിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്. പൂർണ്ണമായും സ്ഥലം ഒഴുകി പോയവർക്ക് സ്വന്തമായി കേരളത്തിൽ സ്ഥലം ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീട്ടു നിർമ്മാണത്തിന് അനുയോജ്യം അല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ, പ്രമാണത്തിൽ ഉള്ള തുകയോ, എതാണോ കുറവ് ആ തുക അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2.36 ലക്ഷം പ്രളയ ദുരന്ത ബാധിതരായ കർഷകർക്കായി ഇതുവരെ 65 കോടി രൂപയുടെ ധന സഹായം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും വിതരണം ചെയ്തു. കൃഷിയിടങ്ങളിലെ ചെളിയും എക്കലും മാറ്റുവാൻ മാനദണ്ഡം അനുസരിച്ച് കർഷകർക്കായി, കൃഷി വകുപ്പിന് മാനദണ്ഡം അനുസരിച്ചുള്ള രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചു. ഈ തുക കർഷകർക്ക് നൽകി വരുന്നു. ദുരന്ത ബാധിതമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പ്രദേശത്തെ കർഷകരുടെ ലോണുകളുടെ റിക്കവറി നടപടികൾക്ക് ഒരു വർഷം മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ റിസേർവ് ബാങ്ക് മാനദണ്ഡം പ്രകാരം ദുരന്ത ബാധിത പ്രദേശത്തെ കടങ്ങൾക്ക് ബാങ്കുകളും മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. തകർന്ന ബണ്ടുകൾ നന്നാക്കുവാനും, പാടശേഖരത്തിൽ കയറിയ |

| | | | |
|---|---|---|---|
| | | | വെള്ളം വറ്റിക്കുവാനും കർഷക സംഘങ്ങൾക്ക് ചെലവായ തുക സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നൽകി. ദുരിതാശ്വാസം സംബന്ധിച്ച പരാതികൾ ജില്ലാ ദുരന്ത നിവാരണ അതോർറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും (Deputy Collector, Disaster Management/ADM as the case may be), ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ജില്ലാ ദുരന്ത നിവാരണ അതോർട്ടിയുടെ ചെയർമാനായ കളക്ടറെയും സമീപിക്കുന്നതിന് ഉതകുന്ന രീതിയിൽ പരാതി പരിഹാര സംവിധാനം രൂപീകരിച്ചിട്ടുണ്ട്. പ്രളയ ദുരന്തത്തിൻറെ പാഠങ്ങൾ കൂടി ഉൾക്കൊണ്ട് കൊണ്ട് ദുരന്ത നിവാരണ പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ടി സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ (Satelite Phone) നല്കുവാനുള്ള നടപടി സ്വീകരിച്ചു. ആദ്യ ഘട്ടമായി വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലാ കളക്ടർമാർക്ക് ഉപഗ്രഹ ഫോൺ നൽകി. |
| സി) | ഇക്കാര്യങ്ങൾക്കായി പ്രവാസി മലയാളികൾ, വ്യവസായ പ്രമുഖർ, ലോകബാങ്ക്, മറ്റ് ഏജൻസികൾ എന്നിവയിൽ നിന്നുള്ള സഹായങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ കണക്കുകൾ വെളിപ്പെടുത്തുമോ; | സി) | ഉണ്ട്. എന്നാൽ പ്രസ്തുത സംഭാവനകൾ തരം തിരിച്ച് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| ഡി) | പുനരധിവാസത്തിനായി വിനിയോഗിച്ച തുക സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്തുമോ? | ഡി) | 22-12-2018 വരെ 897.3 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ